ആലോചിച്ചതും ഇപ്പോൾ ഇത് എങ്ങനെ നിർത്താമെന്നതു സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസ് വന്നതിന്റെ അടിസ്ഥാനത്തിലുമാണ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ, collector-മാരുടെ ഒരു കമ്മിറ്റി വിളിച്ചു ചർച്ചകളൊക്കെ നടത്തിയതും ലാന്റ് കമ്മീഷണർ അദ്ധ്യക്ഷനായി കമ്മിറ്റി സംഘടിപ്പിക്കുകയും ചെയ്തത്. കമ്മിറ്റിയുടെ റിപ്പോർട്ട് മൂന്നു മാസത്തിനകം ലഭിക്കും. ആവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കും. ഞാനിത് പറയുമ്പോൾ അങ്ങോട്ടും ഇങ്ങോട്ടും കൂറ്റം പറഞ്ഞിട്ട് കാര്യമില്ല. നിലങ്ങൾ ധാരാളം നികത്തുന്നുണ്ട്. വീടിനെന്നു പറഞ്ഞ് നികത്താൻ മോദിച്ചിട്ട് അവിടെ വയ്ക്കുന്നത് കടയായിരിക്കും. മറ്റ് വിധത്തിൽ വ്യവസായത്തിനെന്നു പറഞ്ഞ് ചോദിച്ചാൽ.....(ബഹളം).....നടപടിയെടുക്കുന്നുണ്ട്..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷന് ഇങ്ങനെ ചോദിച്ചാൽ.....

ശ്രീമതി കെ. ആർ. ഗൗരിയമ്മ: നിയമസഭയിൽ നിയമപരമായ വിധത്തിൽ മാത്രമേ ഉത്തരം പറയാൻ പറ്റൂ. .....(ബഹളം).....ആ നിലയിൽ..... (ബഹളം).....ഇപ്പോഴും നടക്കുന്നുണ്ട്. ദുരുപയോഗപ്പെടുത്തുന്നുണ്ട്. ഉദ്യോഗസ്ഥന്മാർ അതിന് കൂട്ടു നിൽക്കുന്നു. അതിന് മന്ത്രിമാരടക്കമുള്ളവർ ബഹിയാടുകളാകുന്നു. അതാണ് ഇന്നത്തെ സ്ഥിതി. അതുകൊണ്ട് ഇത് നികത്തുന്നതിന് എതിരായി ആവശ്യമായ നടപടികളെടുക്കാൻ സർക്കാർ തയ്യാറാണ്. ഇതിന് ജനങ്ങളുടെ സഹകരണം വേണം. അതാണ് ആവശ്യം.

(6) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെ പ്രവർത്തനം

ശ്രീ. കെ. മോഹൻകുമാർ: സർ, പ്രമേഹരോഗ ഗവേഷണ മേഖലയിൽ വലിയ പ്രതീക്ഷകൾ ജനിപ്പിച്ചുകൊണ്ടാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2001 നവംബറിൽ ശിലാസ്ഥാപനം നടത്തിയത്. സർക്കാർ വക 18 ഏക്കർ ഭൂമിയും സാമ്പത്തിക സഹായവും ഉദാരമതികളായ മറ്റ് സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും സഹായവുമൊക്കെ വാങ്ങി ഒരു അന്തർദേശീയ നിലവാരമുള്ള അഭിമാനകരമായ സ്ഥാപനമായി മാറേണ്ടിയിരുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്ന സ്ഥാപനം ഉത്തരവാദപ്പെട്ട ചിലരുടെ ഉപേക്ഷയും ഉദാസീനതയുംകൊണ്ട് തകരുകയാണ്. ഒരു കംപൗണ്ടർക്ക് ചെയ്യാൻ കഴിയുന്ന സാധാരണ പരിശോധന പോലും ഇപ്പോൾ പുലയനാർ കോട്ടയിൽ നടക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം വാങ്ങി ഈ പ്രോജക്ട് ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ഒന്നായി മാറ്റുന്നതിന് ഭരണ സമിതി തയ്യാറാകുന്നില്ല. അവിടെ എന്തു നടക്കുന്നു എന്നറിയാൻ നിർവ്വാഹവുമില്ല. കേരള നിയമസഭയ്ക്ക് ഈ ഭരണ സമിതിയിൽ പങ്കാളിത്തം ഉണ്ടാക്കാനും ഉത്തരവാദപ്പെട്ട, ആൾക്കാരെ ഉൾപ്പെടുത്തി ഭരണസമിതി പുനഃസംഘടിപ്പിച്ച് ജനങ്ങൾക്കും, രോഗികൾക്കും, ഡോക്ടർമാർക്കുമൊക്കെത്തന്നെ പ്രയോജനം ചെയ്യുന്ന ഒരു സ്ഥാപനമാക്കി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്-നെ മാറ്റുന്നതിനും ഗവൺമെന്റ് ഊർജ്ജിതവും അടിയന്തിരവുമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവകുപ്പുമന്ത്രിക്കുവേണ്ടി വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, സംസ്ഥാന സർക്കാരിന്റേയും റോൾഡ് ഇൻഡ്യാ ഡയബറ്റിസ് ഫൗണ്ടേഷന്റേയും സംയുക്ത സംരംഭമായിട്ടാണ് ഈ സ്ഥാപനം ആരംഭിച്ചത്. അന്തർദേശീയ നിലവാരമുള്ള സ്ഥാപനമായി ഉയർത്താനുള്ള ശ്രമം തുടക്കം മുതലേ ആരംഭിച്ചിരുന്നു. പക്ഷേ നഗരത്തിൽ നിന്നും വളരെ ദൂരെയായതുകൊണ്ട് പുലയനാർകോട്ടയിൽ എത്തിച്ചേരുന്ന രോഗികളുടെ എണ്ണം കുറവായിരുന്നു. അതോടൊപ്പം തന്നെ പുലയനാർകോട്ടയിൽ ചികിത്സ നടത്തുന്നതിന് പകരം ഔട്ട് പേഷ്യന്റ്സിന് ഒരു സിറ്റി സെന്റർ നഗരത്തിൽ ആരംഭിക്കാൻ തീരുമാനിച്ചു. അങ്ങനെയാണ് പബ്ലിക് ഹെൽത്ത് ലബോറട്ടറിയോടനുബന്ധിച്ച് ആ കെട്ടിടത്തിൽ 19-4-2004 മുതലാണ് ഈ സിറ്റി സെന്റർ ആരംഭിച്ചത്. ഈ സിറ്റി സെന്ററിൽ എം.ഡി. യോഗ്യതയുള്ള മൂന്ന് ഡോക്ടർമാരുണ്ട്. അതുപോലെതന്നെ ലബോറട്ടറിയും അതോടൊപ്പം പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടര മാസത്തിനുള്ളിൽ ഏതാണ്ട് മുന്നൂറോളം പ്രമേഹ രോഗികൾ ഇവിടെ എത്തുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 30 ലക്ഷം രൂപയാണ് ഗ്രാന്റായി സംസ്ഥാന സർക്കാർ നൽകിയത്. പുലയനാർകോട്ടയിൽ സർക്കാർ അനുവദിച്ച സ്ഥലത്ത് അഞ്ചു നില കെട്ടിടം നിർമ്മിക്കാനുള്ള പദ്ധതിക്കാണ് രൂപം കൊടുത്തത്. അതിന്റെ പ്ലാൻ ചീഫ് ടൗൺ പ്ലാനർ നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്രത്തിന് 15 കോടി രൂപയുടെ സാമ്പത്തിക സഹായത്തിനുവേണ്ടി അപേക്ഷ നൽകിയിട്ടുണ്ട്. റോൾഡ് ഇൻഡ്യാ ഡയബറ്റിസ് ഫൗണ്ടേഷന്റേയും കേന്ദ്ര സർക്കാരിന്റേയും സഹായം കിട്ടുന്ന മുറയ്ക്ക് കെട്ടിടം പണി ആരംഭിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. പ്രമേഹ രോഗത്തിന് ചികിത്സയ്ക്കും ഗവേഷണത്തിനുമുള്ള ഈ സ്ഥാപനം ഒരു ലോക നിലവാരമുള്ള സ്ഥാപനമാക്കി ഉയർത്താൻ സാധിക്കും എന്നുള്ള പ്രതീക്ഷയാണ് ഇപ്പോഴും ഗവൺമെന്റ് വച്ചു പുലർത്തുന്നത്. നിയസഭയുടെ പ്രാതിനിധ്യം ഉണ്ടാകണമെന്ന ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം പരിഗണിക്കുന്നതാണ്.

IV. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

1. നോട്ടിഫിക്കേഷൻ നമ്പർ 18438-I/എസ്.എസ്.എ.4/04/റോം തീയതി 31-3-2004 (എസ്.ആർ.ഒ. നമ്പർ 311/04).

2. നോട്ടിഫിക്കേഷൻ നമ്പർ 18438-II/എസ്.എസ്.എ.4/04/ഹോം തീയതി 31-3-2004 (എസ്.ആർ.ഒ. നമ്പർ 312/04).

3. നോട്ടിഫിക്കേഷൻ നമ്പർ 18438-III/എസ്.എസ്.എ.4/04/ഹോം തീയതി 31-3-2004 (എസ്.ആർ.ഒ. നമ്പർ 313/04).

4. നോട്ടിഫിക്കേഷൻ നമ്പർ 18438-I/എസ്.എസ്.എ.4/04/ഹോം തീയതി 8-6-2004 (എസ്.ആർ.ഒ. നമ്പർ 594/04).

LIBRARY ARCHIVES Kerala Legislative Assembly